# തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(അവതരണം : എ.മെഹർനിസ )**

നം:ഇഎ1/822/14 . തീയതി :25.08.2015.

വിഷയം:-വ്യവസായം-ജീവനക്കാര്യം- സബോർഡിനേറ്റ് സർവ്വീസിലുൾപ്പെടെയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലെ 10% ഒഴിവിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

പരാമർശം:-1. സ.ഉ.(പി). നം:1/2014/ഉ.ഭ.പ.വ തീയതി:03.01.2014.
2. സ.ഉ.(പി). നം:21/2014/ഉ.ഭ.പ.വ തീയതി:19.07.2014.
3. സ.ഉ.(പി). നം:16/2015/ഉ.ഭ.പ.വ തീയതി:28.05.2015.
4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 19.06.2015-ലെ ഇഎ1/822/15 നമ്പർ നടപടി ക്രമം.

പരാമർശം (1), (2)- എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം സബോർഡിനേറ്റ് സർവ്വീസിലുൾപ്പെടെയുള്ള താഴ്ന്ന തസ്തികയിൽപ്പെട്ട 12 ഉദ്യോഗസ്ഥർക്ക് തസ്തിക മാറ്റം വഴി നിയമനം നൽകിയിരുന്നു. വകുപ്പിൽ ആകെയുള്ള 218 അംഗീകൃത ക്ലാർക്ക് തസ്തികയിൽ 10% -ആയ 22 തസ്തികയിൽ 12 ഒഴിവുള്ള കാലയളവിലാണ് സൂചന 4 പ്രകാരം തസ്തികമാറ്റം വഴി നിയമനം നൽകിയിരുന്നത്. ടി നിയമനം ലഭിച്ചവരിൽ മൂന്ന് പേർ നിർദ്ദിഷ്ടതീയതിക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ആയതിനാൽ ടിയാന്മാരുടെ തസ്തികമാറ്റത്തിനുള്ള അവകാശം പരാമർശം (4)-ൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം ഉത്തരവ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം ജോലിയിൽ പ്രവേശിക്കാത്തതുകാരണം നഷ്ടപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ടിയാന്മാരെ ടി പട്ടികയിൽ നിന്നും ഒഴിവാക്കി ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യരായ ഉദ്യോഗസ്ഥരെ ടി സ്ഥാനത്തേക്ക് തസ്തികമാറ്റം വഴി നിയമിക്കേണ്ടതുണ്ട്. അതോടൊപ്പം ബാക്കിയുള്ള പത്ത് പേർക്ക് കൂടി സംസ്ഥാനതലത്തിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതുണ്ട്. പരാമർശം (4) പ്രകാരം നിയമനം ലഭിച്ചരിൽ ഒൻപത് പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. താഴ്ന്ന തസ്തികയിൽ ഉൾപ്പെട്ടിട്ടുള്ള 22-ൽ ബാക്കി നിൽക്കുന്ന 13 ഉദ്യോഗസ്ഥർക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

## ഉ ത്ത ര വ്

മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം നൽകിയിരുന്ന ഉത്തരവിലെ നിബന്ധന പാലിക്കാത്ത താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ നിയമനം റദ്ദാക്കികൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസും | തസ്തികമാറ്റം നൽകി നിയമിച്ചിരുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ.വി.എസ്.സാജൻ കുമാർ, ഡ്രൈവർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 2 | ശ്രീ.കെ.കുഞ്ഞിരാമൻ, ഓഫീസ് അറ്റൻഡന്റ് ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 3 | ശ്രീ.എം.മോഹൻദാസ്, ഡ്രൈവർ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ. | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. |

മേൽ വിവരിച്ചിട്ടുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ₹ 9940-16580 ശമ്പള നിരക്കിൽ തസ്തിക മാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസും | തസ്തികമാറ്റം നൽകി നിയമിക്കപ്പെട്ട ഓഫീസ് |
|---|---|---|
| 1 | ശ്രീ.സുനിൽ കുമാർ.കെ.ആർ, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ. | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 2 | ശ്രീ.രാധാകൃഷ്ണൻ നായർ, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 3 | ശ്രീ.കബീർ.എം.യു, ആഫീസ് അറ്റൻഡന്റ്, താലൂക്ക് വ്യവസായ ഓഫീസ്, വടക്കാഞ്ചേരി | ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം. |
| 4 | ശ്രീ.വിനോദ് കുമാർ.ബി, ആഫീസ് അറ്റൻഡന്റ്, പ്രോജക്ട് ഓഫീസ്(കയർ), ചിറയിൻകീഴ്. | താലൂക്ക് വ്യവസായ ഓഫീസ്, ചിറയിൻകീഴ്. (ജെ.ഡി.സി ട്രെയിനിംഗ് ഒഴിവ്) |
| 5 | ശ്രീ.ആന്റണി.എ, ആഫീസ് അറ്റൻഡന്റ്, കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 6 | ശ്രീ.എബിൾ.സി.വർഗ്ഗീസ്, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം. | താലൂക്ക് വ്യവസായ ഓഫീസ്, **മൂവാറ്റുപുഴ** |

| | | |
|---|---|---|
| | | (ശ്രീ.എം.എസ്.മോഹൻദാസ്, സീനിയർ ക്ലാർക്കിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിലേക്ക്) |
| 7 | ശ്രീമതി.വിജി.പിവി, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം. | ജില്ലാ വ്യവസായ കേന്ദ്രം, പത്തനംതിട്ട. |
| 8 | ശ്രീമതി.ഉദയപ്രഭ.വി, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്. | ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസ്, മഞ്ചേരി. (ജെ.ഡി.സി ട്രെയിനിംഗ് ഒഴിവ്) |
| 9 | ശ്രീ.സതീഷ് ചന്ദ്രൻ.എസ്, ആഫീസ് അറ്റൻഡന്റ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 10 | ശ്രീ.ജയൻ തവനൂർ, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം. | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 11 | ശ്രീമതി.മായാമോൾ.എ.ആർ, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം. | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 12 | ശ്രീമതി.മിനി.ടി, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, പത്തനംതിട്ട. | ജില്ലാ വ്യവസായ കേന്ദ്രം, പത്തനംതിട്ട. (ശ്രീമതി.ജെ.ജ്യോതി, സീനിയർ ക്ലാർക്കിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിലേക്ക്) |
| 13 | ശ്രീ.എ.എ.ജോസഫ്, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം. |

തസ്തിക മാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിക്കുന്നതിന് ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോരിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥന് നിയമനം നൽകുന്നതായിരിക്കും. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ മൂന്നു വർഷത്തെ തുടർച്ചയായ സേവനത്തിൽ രണ്ടു വർഷം പ്രോബേഷനിലായിരിക്കും. സർക്കാരിന്റെ 26.02.2011-ലെ 85/11/ധന നമ്പർ ഉത്തരവ് പ്രകാരം ടി തസ്തികയിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ടി നിയമനം സർക്കാരിൽ നിന്നും ലഭിക്കുന്ന സ്പഷ്ടീകരണത്തിന് വിധേയമായി നിയമനാധികാരി പുനഃപരിശോധിക്കുന്നതായിരിക്കും. ടി തസ്തികയിൽ നിർദ്ദിഷ്ട തീയതിക്കുള്ളിൽ റിലിൻക്വിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുന്നതാണ്.

തസ്തിക മാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും നിലവിലെ നിയന്ത്രണാധികാരിയുടെ വിടുതൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ടി ജീവനക്കാരെ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പും അവർ എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷ പാസായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻമാർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരം അതാത് നിയന്ത്രണഉദ്യോഗസ്ഥന്മാർ യഥാസമയം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

സ്വീകർത്താവ്: ടി ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:
1. ഡയറക്ടർ, കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. എല്ലാ ജനറൽ മാനേജർ / ഉപജില്ലാ വ്യവസായ ഓഫീസർ.
4. ഇഇ സെക്ഷൻ
5. സൂക്ഷിപ്പ് ഫയൽ /അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Padmakumari N
ജൂനിയർ സൂപ്രണ്ട്.